## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6642 09-11-2016-ൽ മറുപടിയ്ക്ക്

**കോഴിക്കോട് ജില്ലയിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ആനുകൂല്യം**

| | ചോദ്യം<br>ശ്രീ. പി.ടി.എ. റഹീം | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ആനുകൂല്യം ലക്ഷ്യമാക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിലവിൽ അംഗീകാരമുള്ള ആശുപത്രികളും ഏതെല്ലാം ചികിത്സകൾക്കാണ് ഇവിടെ അനുമതിയുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ സർക്കാർ ആശുപത്രികൾക്കു പുറമേ 13 സ്വകാര്യ ആശുപത്രികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആശുപത്രികളുടെ പേരും ലഭ്യമാകുന്ന ചികിത്സകൾ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഒരു തവണ ധനസഹായം ലഭിച്ചവർക്ക് വീണ്ടും ധനസഹായം ലഭിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; വിശദമാക്കാമോ; | (ബി) | ഹീമോഫീലിയ രോഗികൾ ഒഴികെ,<br>ഒരു തവണ 2 ലക്ഷം രൂപ ധനസഹായം ലഭിച്ചവർക്ക് തുടർ സഹായം നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല.<br>ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരു വ്യക്തിയ്ക്കോ ഒന്നിലധികം വ്യക്തികൾക്കോ പരമാവധി 2 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്നതാണ്.<br>ഹീമോഫീലിയ രോഗത്തിന്റെ ഫാക്ടറുകൾക്ക് തുക പരിധിയില്ല. |
| (സി) | ലഭ്യമാവുന്ന അപേക്ഷകളിൽ തുക അനുവദിക്കുന്നതിന് അധികാരപ്പെടുത്തിയ സമിതി ഏതാണെന്നും ജില്ലാതലത്തിൽ അംഗീകരിക്കാവുന്ന തുക എത്ര വീതമാണെന്നും വിശദമാക്കാമോ? | (സി) | തുക അനുവദിക്കുന്നതിനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരു വ്യക്തിയ്ക്കോ ഒന്നിലധികം വ്യക്തികൾക്കോ പരമാവധി 2 ലക്ഷം രൂപ വരെ ധനസഹായം ജില്ലാ തലത്തിൽ ശുപാർശ ചെയ്യുന്നു. |

Jeyesh

സെക്ഷൻ ഓഫീസർ

| List of Accredited Hospitals in KBF | | | | | | |
|---|---|---|---|---|---|---|
| Sl. No | Dist. | Name of Hospital | No.of Procedures accepted. | | | |
| | | | Nephrology | Cardiology | Neurosurgery | Cancer |
| 1 | KKD | Baby Memorial Hospital, Indira Gandhi Road, Calicut-673004 | √ | √ | √ | √ |
| 2 | KKD | PVS Hospital, Railway Station Road, Calicut-673002 | √ | √ | | √ |
| 3 | KKD | Fathima Hospital, Bank Road, Calicut-673001 | √ | √ | | |
| 4 | KKD | KMCT Medical College, West Mampatta, Manassery (P.O), Mukkom, | | √ | √ | √ |
| 5 | KKD | Santhi Hospital, Omassery, KKD | √ | √ | | |
| 6 | KKD | Malabar Medical College Hospital & Research Centre, | √ | | | √ |
| 7 | KKD | Koyas Hospital, Cheruvannur, Feroke, Kozhikode | √ | | | √ |
| 8 | KKD | Kozhikode Dist. Co-operative Hospital, Eranhipalam, Kozhikode-6 | √ | | | √ |
| 9 | KKD | Iqraa International hospital,Malappara | √ | | | |
| 10 | KKD | Calicut City Service Cooperrative Bank Dialysis Centre, Chalapuram | √ | | | |
| 11 | KKD | Shihap Thangal Dialysis Centre | √ | | | |
| 12 | KKD | Mims M.A.Moopen Memorial Dialysis Centre, Vadakara | √ | | | |
| 13 | KKD | Mims Thanal Dialysis centre, | √ | | | |